# ഹാപ്പി വോയ്സ്

## സന്തോഷധ്വനി

**VOL.26 JULY NO.7**



**അടങ്ങിയിരിക്കരുത്; കാഹളംപോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന് അവരുടെ ലംഘനത്തെയും യാക്കോബ് ഗൃഹത്തിന് അവരുടെ പാപങ്ങളെയും അറിയിക്കുക. (യെശയ്യാവ്)**

---

## *Happy Voice* - സന്തോഷധ്വനി

**ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം**


**Chief Editor:**

**SIMON PAYYANUR**
**Tel: 02836-224763,226951,**
**M-09825169406**

**CO-Editor:**

**P.V.JOSE-Jaipur**
**M- 09829053425**

**Representatives: UAE**

**DUBAI**

**VARGHESE GEORGE**
**971-507694748**

**SHARJAH**

**JAMES MATHEW**
**M-971-506328241**

**FUJJAIRA**

**SUNNY IDICULA**
**M-971-559109855**

**RASALKHAIMA**

**SUNIL DANIEL CHARLY**
**M- 971-505657161**

**KERALA**

**P.D.CHACKO-KANNUR**
**M-09746881460**



**Annual Subscription;-**

India : Rs. 50.00

***Please Mail :-***

***Articles, Letters,Subscription, Contribution to;***

***SIMON PAYYANUR***
***PLOT.NO.147,SECTOR.7, GANDHIDHAM. 370201,KUTCH,GUJARAT.***
**Tel: 02836-224763,226951**
**M-09825169406**
**e-mail:**
**payyanursimon@gmail.com**

OR

SIMON PAYYANUR,
A/c .NO.10316650005 SBI
IFSC Code: SBIN0000373.


ഹാപ്പി വോയസ് എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു.

പി.ഡി.എഫ് ഫോർമാററിൽ ആവശ്യമുള്ളവർ ഇ- മെയിൽ വിലാസം അയച്ചു തരിക.

വരിസംഖ്യ കുടിശിഖ അയച്ചു തരിക.

Happy Voice
സന്തോഷ ധ്വനി
VOL.26
2014
NO.7

പത്രാധിപർ എഴുതുന്നു;-

# സുവിശേഷ വിരോധികൾ ആര് ?

സുവിശേഷത്തിന്റെ ശത്രുക്കളാരാണെന്നു ചോദിച്ചാൽ ചില വർഗ്ഗീയ ശക്തികളുടെ പേരുകളാണ് നമ്മുടെയൊക്കെ നാവിൻ തുമ്പത്തു നിന്നു വരിക. എന്നാൽ ബ്രദറൺ സമൂഹത്തിനകത്തുള്ള സുവിശേഷത്തിന്റെ ശത്രുക്കളുടെ ഒരംശം പോലും പുറമെയുള്ള വർഗ്ഗീയ ശക്തികൾ കാണിക്കുന്നില്ലായെന്നത് മനസാക്ഷി പണയംവെക്കാത്ത ചില ആത്മീയർ സമ്മതിക്കുമെന്നതിനു രണ്ടു പക്ഷമില്ല.

ഇന്നു ഏററവും കൂടുതൽ സുവിശേഷപ്രവർത്തനത്തിന് എതിരായി നില്ക്കുവാൻ വിശ്വാസികളെയാണ് സാത്താനായുധമാക്കുന്നത്. മററു സഭാവിഭാഗങ്ങളുടെയോ അന്യജാതികളുടെയോ നേരെ വിരൽ ചൂണ്ടുന്നതിനു പകരം ബ്രദറൺ സമൂഹത്തിലുള്ള ചിലരുടെ നേരെയാണ് വിരൽ ചൂണ്ടേണ്ടത്.

ഞങ്ങളുടെ ദീർഘവർഷത്തെ സുവിശേഷീകരണ പ്രവർത്തനത്തിൽ ഒരു പ്രാവശ്യം മാത്രമാണ് വർഗ്ഗീയ ശക്തികളുടെ ക്രൂര മർദ്ദനത്തിനിരയാകേണ്ടി വന്നത്. എന്നാൽ ബ്രദറുകാരെന്നു പറയപ്പെടുന്ന ചില സുവിശേഷകൻമാരും, സംഘടനാ നേതാക്കളും, മൂപ്പൻമാരും സുവിശേഷീകരണത്തോടുള്ള ബന്ധത്തിൽ നടത്തിയ നടത്തുന്ന ഭീകരാക്രമണങ്ങളും ഒളിപ്പോരുകളും വർണ്ണനാധീതമാണ്. ഇവരുടെയൊക്കെ പേരുകൾ പരാമർശിക്കണമെന്നുണ്ടെങ്കിലും തത്ക്കാലം അതിനായി മുതിരുന്നില്ല. സുവിശേഷീകരണം എന്നപേരിൽ മുതലക്കണ്ണീർപൊഴിക്കുന്ന ഇത്തരം സുവിശേഷവിരോധികളായവരെ ദൈവജനം തിരിച്ചറിയണം.

സുവിശേഷത്തിന്റെ എതിരാളികളായി പ്രവർത്തിക്കുന്നവരുടെ ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കട്ടെ. ഒരു ടീം സുവിശേഷപ്രവർത്തനത്തിനായി ഒരു സ്ഥലത്തു പോയി. അവിടെയുള്ള സുവിശേഷകൻമാരുടെ പൂർണ്ണ സഹകരണത്തിൽ ആ ഭാഗങ്ങളിൽ അനുഗ്രഹീതമായ പ്രവർത്തനം നടത്തി തിരിച്ചു പോന്നു. ഒരു വർഗ്ഗീയ ശക്തികളും ആ ടീമിനെതിരായി പ്രവർത്തിക്കു കയോ ശുശ്രൂഷയ്ക്കു ഭംഗം വരുന്നതൊന്നും ചെയ്യുകയോ ചെയ്തില്ല. എന്നാൽ ഒരപ്പത്തിന്റെ അംശികൾ എന്നു പറയുകയും ഒരു യജമാനന്റെ വേലക്കാരെന്നു പറയുകയും ചെയ്യുന്ന രണ്ടു സുവിശേഷകൻമാർ ദീർഘദൂരം വാഹനമോടിച്ച് ആ ടീമിനെതിരായി പ്രവർത്തിച്ചു. പക്ഷേ ഇവർ വടികൊടുത്ത് അടിയും വാങ്ങി തിരിച്ചുപോന്നുവെന്നത് ഒരു യാഥാർത്ഥ്യം മാത്രം. മാത്രമല്ല വീണ്ടും ആ ടീമിനെ അവിടെയു ള്ള സഹോദരൻമാർ പ്രവർത്തനത്തിനായി ക്ഷണിക്കയും അവർ പോകയും പ്രവർത്തിക്കയും ചെയ്തു. ആരാണ് സുവിശേഷീകരണത്തിന്റെ വിരോധികൾ?

ഇനി മറെറാരു കൂട്ടരുണ്ട്, സുവിശേഷത്തിനു ആവശ്യമായ കൂട്ടായ്മ

➲2



കാണിക്കാതെ ഉപദ്രവിക്കുന്നവർ. സുവിശേഷപ്രവർത്തനത്തിനു പണം ആവശ്യമാണ്. ഇതു തരാതിരിക്കയും തടഞ്ഞു നിർത്തുകയും ചെയ്യുന്ന ചില സഭകളും വ്യക്തികളും സംഘടനകളും നമ്മുടെയിടയിൽ ഉണ്ട്.ഇവരുടെ സുവിശേഷ വേലയോടുള്ള സ്നേഹവും സുവിശേഷകൻമാർക്കു കൊടുക്കന്ന സ്റ്റഡി ക്ളാസ്സുകളും മററും കാണുകയും കേൾക്കുകയും ചെയ്താൽ ആരും കോരിത്തരിച്ചിരിക്കും. ഇവരുടെയൊക്കെ ഇംഗീതത്തിനനുസരിച്ച് സുവിശേഷകൻമാർ ചെയ്യുന്നില്ലെങ്കിൽ പിന്നെ തിരിഞ്ഞുനോക്കുകയില്ല. ശുശ്രൂഷകളുടെ ആവശ്യങ്ങൾ അറിയിച്ചാൽ ഹൃദയത്തെ വജ്ജ്രംപോലെ കടുപ്പമാക്കി സുവിശേഷത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്ന ഇത്തര നാടകനടൻമാരായ മൂപ്പൻമാരും വിശ്വാസികളുമാണ് സുവിശേഷത്തിന്റെ പൊതു ശത്രുക്കൾ. തട്ടിപ്പുകാരനും, വ്യഭിചാരികൾക്കും, മാനവും മഹിമയും ലഭിക്കുന്നിടത്തും പണം വാരിയെറിയുവാൻ ഇവർക്കു ഒരു മടിയുമില്ല.

ഫാമിലി കോൺഫ്രൻസുകളും, സുവിശേഷക കോൺഫ്രൻസുകളും, യൂത്ത് ക്യാമ്പും എന്നൊക്കെ പറഞ്ഞു സഭയ്ക്കകത്തു ഒതുങ്ങി നിന്നുള്ള ഇവരുടെയൊക്കെ പ്രവർത്തനങ്ങൾ സുവിശേഷീകരണത്തിനു തടയിടാനുള്ള പൈശാചിക ആലോചനകളാണെന്നു പറഞ്ഞാൽ വചനപരിജ്ഞാനമുള്ളവർ മുഖം ചുളിക്കുമെന്നു തോന്നുന്നില്ല. ഇതു തിരിച്ചറിയുവാനുള്ള വിവേകം സ്ഥലം സഭകൾക്കും സഹകരിക്കുന്നവർക്കും ഉണ്ടാകാത്തിടത്തോളം സുവിശേഷീകരണത്തിനു ഉപയോഗിക്കപ്പെടേണ്ടുന്ന പണം ഇത്തര സുവിശേഷവിരോധികൾ കവരുകയേയുള്ളു. ഇത്തരത്തിലുള്ളവരും ഇവരെ അനുകൂലിക്കുന്നവരും ഇത്തര പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരുമാണ് യഥാർത്ഥ സുവിശേഷവിരോധികൾ.നാലും മൂന്നും ഏഴുപേരുള്ള ഒരു സഭയിലെ ചിലർ ചേർന്ന് ഒരു സംസ്ഥാനത്തെ കുടുംബ കോൺഫ്രൻസ് നടത്താൻ തീരുമാനിച്ച് സകല സ്ഥലം സഭകളും സഹകരിക്കണമെന്നു ആജ്ഞകൊടുക്കുകയും അതിൽ സഹകരിക്കുവാൻ തയ്യാറാകുകയും ചെയ്യുന്ന ലജ്ജയില്ലാത്ത കുറെ ഉപദേശിമാരും അവിടെ പ്രസംഗിക്കുവാൻ വരുന്ന ശവാരാധകനായ പ്രസംഗകനും ഒക്കെ സുവിശേഷത്തിന്റെ വിരോധികൾ തന്നെയാണ്.

മുന്തരിവള്ളി നശിപ്പിക്കുന്ന ഇത്തര ചെറുകുറുക്കൻമാരെ പിടിച്ചു കെട്ടാതെ ബ്രദറൺ സമൂഹം നന്നാവുകയില്ല. വാളെടുത്തവൻ വെളിച്ചപ്പാടു പോലെ ഏതു തരികിട സ്വഭാവമുള്ള വ്യക്തികൾക്കും ആളു കളിക്കുവാനുള്ള പച്ചപ്പുള്ള മൈതാനമാണ് ബ്രദറൺ സമൂഹം. എന്നിരുന്നാലും ആത്മീയത നഷ്ടപ്പെടുത്താതെ ഉപദേശ വിശുദ്ധി കാത്തു സൂക്ഷിച്ചുകൊണ്ടു സത്യത്തിന്റെ തൂണുകളായി നിലനില്ക്കുന്ന ഒരു പററം ശേഷിപ്പുകൾ എല്ലാ സഭകളിലും ഉണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. ഇത്തരത്തിലുള്ളവരുടെ പ്രാർത്ഥനയും കണ്ണു നീരുമാണ് ബ്രദറൺ സമൂഹത്തിന്റെ വിജയരഹസ്യം.

പ്രിയ വായനക്കാരാ, നിങ്ങൾ ഒരു സുവിശേഷവിരോധിയാണോ? സുവിശേഷീകരണത്തിനു വേണ്ടി നിങ്ങൾ എന്തുചെയ്തു? ആരുടെയെങ്കിലും വാക്കുകൾകേട്ട് പ്രവർത്തിക്കുന്നവരാണോ അതോ ദൈവാത്മാവിന്റെ നടത്തിപ്പിനനുസരിച്ച് പ്രവർത്തിക്കുന്നവരോ? ചിന്തിക്കുക. നിങ്ങൾ മൗനമായിരുന്നാൽ ദൈവം തന്റെ വേല തന്റെ ദാസൻമാരിൽ കൂടെ നടത്തും. ലഭിക്കുന്ന അവസരം കർത്താവിന്റെ നാമമഹത്വത്തിനായി വിനിയോഗിക്കുക. സുവിശേഷ വിരോധികളാകാതെ സുവിശേഷ സ്നേഹികളാകുക. അതിനായി ദൈവം സഹായിക്കട്ടെ.

**(SP)**

# വിശുദ്ധി

**William Macdonald**

**പരിഭാഷ- ജോർജ് കുര്യൻ**

ഒരുവൻ വിശ്വാസിയാകുവാൻ വിശുദ്ധ ജീവിതം നയിക്കേണ്ടതല്ലേ.

അല്ല. ഒരു പാപിക്കു രക്ഷിക്കപ്പെടുന്നതുവരെ വിശുദ്ധ ജീവിതം നയിക്കുവാൻ കഴിയുന്നതല്ല.

വിശ്വാസികൾ വിശുദ്ധ ജീവിതം നയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ലേ.

തീർച്ചയായും ഉണ്ട്. 1 തെസ്സ 4:3, തീത്തോ 2:11,13.

പാപരഹിതമായ പൂർണ്ണതയുള്ള ഏതെങ്കിലും വിശ്വാസിയുണ്ടോ

പാപരഹിതമായി ജീവിക്കുന്ന ഒരു വിശ്വാസിയുമില്ല. 1 യോഹ 1:8,10. പരിപൂർണ്ണ ജീവിതം നയിച്ച ഒരേ ഒരാൾ യേശുക്രിസ്തുവാണ്.

രക്ഷിക്കപ്പെട്ടിട്ടും പാപം ചെയ്യുവാൻ എങ്ങനെയാണ് ഒരു വിശ്വാസിക്ക് കഴിയുന്നത്.

അതിനു കാരണം വിശ്വാസിയിൽ അവൻ ഇപ്പോഴും ജനിച്ചപ്പോഴുള്ള പഴയ ജഡ സ്വഭാവം ഉണ്ടെന്നുള്ളതാണ്. രക്ഷിക്കപ്പെടുമ്പോൾ അത് നീക്കപ്പെടുന്നില്ല. റോമ 7:17.

പിന്നെ ഏതു രീതിയിലാണ് വിശ്വാസി രക്ഷിക്കപ്പെടാത്തവരിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത്.

രക്ഷിക്കപ്പെടുമ്പോൾ വിശ്വാസിക്ക് ഒരു പുതിയ സ്വഭാവം ലഭിക്കുന്നു. ഇതിനെ ദിവ്യ സ്വഭാവം എന്നാണ് ദൈവവചനം പറയുന്നത്.2 പത്രോ 1:4.

ഈ രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള അന്തരം എന്താണ്.

പഴയ സ്വഭാവം വളരെയധികം ദുഷിച്ചതും പാപത്തിലേക്ക് വിശ്വാസിയെ വലിച്ചിഴയ്ക്കാൻ തുടർച്ചയായി ശ്രമിക്കുന്നതുമാണ്. റോമ 7:21.

രക്ഷിക്കപ്പെട്ട ശേഷവും ദുഷ്ട സ്വഭാവം തുടരാൻ ദൈവം അനുവദിക്കു ന്നതെന്താണ്.

നമ്മുടെ ഒന്നുമില്ലായ്മയും ബലഹീനതയും പഴയ സ്വഭാവം നമ്മെ പഠിപ്പിക്കയും പരീക്ഷയെ ജയിക്കാനുള്ള ശക്തിക്കായി കർത്താവിനെ എപ്പോഴും ആശ്രയിക്കാനിടയാക്കുകയും ചെയ്യുന്നു. (റോ 7:24.

എല്ലാവിശ്വാസികളും പരീക്ഷിക്കപ്പെടുമോ

അതേ, എല്ലാവർക്കും പരീക്ഷയുണ്ടാകാം. 1 കൊരി 10:3.

ഒരു വിശ്വാസി പരീക്ഷയ്ക്കു വിധേയനാകാമോ

പാടില്ല.ഒരു വിശ്വാസി അവന്റെ ഹിതത്തിനനുസരിച്ചാണ് പാപം ചെയ്യുന്നത്. അവന്റെ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിന്റെ ശക്തി അവനുണ്ട്. എല്ലാ പരീക്ഷകളിൽ നിന്നും വിടുവിക്കപ്പെടുവാൻ ആ ശക്തി മതി.(ഗലാ 5:17).

പഴയസ്വഭാവത്തിന്റെ നേരെ ദൈവത്തിന്റെ മനോഭാവം എന്താണ്.

അതു മരണം അർഹിക്കുന്നുവെന്നു ദൈവം കണ്ടു. അതിനെ കാൽവറി ക്രൂശിൽ ശിക്ഷ വിധിച്ചു. അതിനെ നവീകരിക്കാനോ പുരോഗമിപ്പിക്കാനോ, ശുദ്ധീകരിക്കാനോ ദൈവം ശ്രമിക്കുന്നില്ല. പൂർണ്ണമായും



ആശ്രയമില്ലാത്തതാകയാൽ ക്രിസ്തു മരിച്ചപ്പോൾ അതു മരിച്ചതായി ദൈവം കാണുന്നു.(റോമ 6:6).

പഴയ സ്വഭാവത്തോടു വിശ്വാസിയുടെ മനോഭാവം എന്തായിരിക്കണം.

അതു മരിച്ചതായി കാണണം. ഒരു വിശ്വാസിയോടു എന്തു ചെയ്യണമെന്നു പഴയ സ്വഭാവം പറയുമ്പോൾ ദൈവം ശിക്ഷ വിധിച്ചതാകയാൽ അതു അനുസരിക്കാതെ നിരസിക്കണം.(റോമ 6:11,12.

പുതിയ സ്വഭാവത്തോടു വിശ്വാസിയുടെ മനോഭാവം എന്തായിരിക്കണം.

അവൻ അതിനു ആഹാരം നല്കണം,വളർത്തണം,ദൈവവചന പഠനത്തിലൂടെ ഉത്സാഹിപ്പിക്കണം. ആരാധനയിലും പ്രാർത്ഥനയിലും സമയം ചിലവഴിക്കണം. കർത്താവിനെ സേവിക്കണം. കർത്താവിനു ഹിതകരമായതു ചെയ്യണം.(ഗലാ 5:22,23).

ചുരുക്കത്തിൽ വിശുദ്ധ ജീവിതത്തിന്റെ രഹസ്യമെന്താണ്.

കർത്താവായ യേശുക്രിസ്തുവിനെ ആരാധിക്കുന്നതിൽ എപ്പോഴും മുഴുകിയിരിക്കുക എന്നതാണ് വിശുദ്ധ ജീവിത രഹസ്യം. ഈ വിശുദ്ധി എന്നന്നേക്കുമായി നേടുകയല്ല. അതു ജീവിത കാലം മുഴുവൻ നടക്കേണ്ടുന്ന ഒരു പ്രക്രിയയാണ്. 2 കൊ 3:18.

വിശുദ്ധ ജീവിതത്തിനുള്ള മറ്റെന്തെങ്കിലും പ്രായോഗിക നിർദ്ദേശം നൽകുവാൻ കഴിയുമോ.

1. നിന്റെ ചിന്തയെ കാത്തുകെൾക. നീ ചിന്തിക്കുന്നതിനെ നിനക്കു നിയന്ത്രിക്കാം.ഫിലി 4:8.

2. ജഡത്തിനു അവസരം കൊടുക്കരുത്.(റോമ 13:14).

3.ക്രിസ്തു നിന്നിൽ വസിക്കുന്നു എന്ന് നീ ഓർത്തുകൊള്ളേണം. കൊലോ 1:27.

4.പരീക്ഷാ ഘട്ടത്തിൽ വിടുതലിനായി കർത്താവിനോടു അപേക്ഷിക്കുക. മത്താ 14:30.

5. കർത്താവിനുവേണ്ടി പ്രവർത്തിക്കുക( സഭാ 9:10.

6. ചില നല്ല കായികാഭ്യാസത്തിൽ ഏർപ്പെടുക. 1 തിമൊ 4:8.

വിശുദ്ധ ജീവിതത്തിനായി വിശ്വാസി പത്തു കല്പന പാലിക്കേണ്ടതില്ലെ.

വിശ്വാസി ന്യായപ്രമാണത്തിൽ കീഴുള്ളവനല്ലായെന്നു തിരുവെഴുത്തു പഠിപ്പിക്കുന്നു. റോമ 6:14).

1. ന്യായപ്രമാണത്തിന്റെ ഉദ്ദേശം മനുഷ്യർ പാപികളാണെന്നു ബോദ്ധ്യം വരുത്തുകയാണ്. വിശുദ്ധരാക്കുകയല്ല.

2. അതിനെ പൂർണ്ണമായും പാലിക്കാത്തവർക്കു ന്യായപ്രമാണം ശിക്ഷ വിധിക്കുന്നു. ഈ ശാപം കൂടാതെ ന്യായപ്രമാണത്തിനു കീഴ്പ്പെട്ടിരിക്കാൻ ആർക്കും സാദ്ധ്യമല്ല.

3. നാം ലംഘിച്ച ന്യായപ്രമാണത്തിനുള്ള ശിക്ഷ ക്രിസ്തു കൊടുത്തു. ഇനി ന്യാപ്രമാണത്തിനു ദൈവ പൈതലിന്റെമേൽ അധികാരമില്ല. റോമ 10:4,ഗലാ 3:13.

വിശ്വാസിക്കു കുലയും വ്യഭിചാരവുമൊക്കെ ചെയ്യാമെന്നാണോ ഇതിന്റെയർത്ഥം.

തീർച്ചയായും അല്ല. തന്റെ പുതു ജീവൻ മൂലം ഇതു ചെയ്യുവാൻ വിശ്വാസി ആഗ്രഹിക്കുന്നില്ല. ന്യായപ്രമാണത്തിൻ കീഴുള്ളവർ ശിക്ഷ ഭയപ്പെടുന്നു.

കൃപയ്ക്കു കീഴുള്ളവർ ശിക്ഷ ഭയപ്പെടുന്നു. കൃപയ്ക്കു കീഴുള്ളവർ ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ കഴിയുന്നു. സ്നേഹം ഭയത്തേക്കാൾ ശക്തമാണ്. ഭയത്താൽ ചെയ്യാതിരിക്കുന്നതു മനുഷ്യർ സ്നേഹത്തിനുവേണ്ടി ചെയ്യും.
ന്യായപ്രമാണമല്ല വിശ്വാസിയുടെ ജീവിത പ്രമാണമെങ്കിൽ പിന്നെന്താണ്.

യേശുവിന്റെ ജീവിതവും പഠിപ്പിക്കലുമാണ് വിശ്വാസിയുടെ മാതൃകയും പ്രമാണവും. 1 യോഹ 2:6.യേശുവിന്റെ പഠിപ്പിക്കൽ ന്യായപ്രമാണത്തിൽ നിന്നും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു.

ഇതിനു മറുപടി മത്തായി അഞ്ചാം അദ്ധ്യായത്തിലുണ്ട്. ന്യായപ്രമാണം പറയുന്നു. വ്യഭിചാരം ചെയ്യരുത് യേശു പറഞ്ഞു. ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയേ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി. (27,28.
ന്യായപ്രമാണം പറയുന്നു കണ്ണിനു പകരം കണ്ണ്.പല്ലിനു പകരം പല്ല്.യേശു പറഞ്ഞു, ദുഷ്ടനോട എതിർക്കരുത് നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറേറതും തിരിച്ചു കാണിക്ക.(38,42). ന്യായപ്രമാണം പറയുന്നു. കൂട്ടുകാരനെ സ്നേഹിക്ക, ശത്രുവിനെ പകയ്ക്ക. യേശു പറഞ്ഞു നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ.യേശു പഠിപ്പിച്ചതുപോലെ ജീവിക്കാൻ സാധിക്കുമോ.

മാനുഷികമായി അസാദ്ധ്യമാണ്. എന്നാൽ കർത്താവ് തന്റെ ആത്മാവിനെ എല്ല വിശ്വാസികൾക്കും നൽകിയിരിക്കയാൽ ഈ അസാധാരണ ജീവിതം നയിക്കാൻ അവൻ ശക്തനാക്കപ്പെടുന്നു. (1 കൊരി 6:19,ഗലാ 5:16-17).

## ചന്ദ്രൻ രൂപപെട്ടത് കൂട്ടിയിടിയിലൂടെ!!

450 കോടി വർഷങ്ങൾക്കു മുമ്പ് ഭൂമിയും ഒരു ഗ്രഹത്തിന്റെ വലിപ്പമുള്ള അജ്ഞാത വസ്തുവും തമ്മിൽ കൂട്ടിയിടിച്ചതിനെ തുടർന്നാണ് ചന്ദ്രൻ രൂപപ്പെട്ടതെന്ന സിദ്ധാന്തത്തെ ശരിവയ്ക്കുന്ന പുതിയ തെളിവുകൾ ലഭ്യമായിപോലും. തെയിയ എന്നാണു ശാസ്ത്രജ്ഞർ ഈ അജ്ഞാത വസ്തുവിനെ വിളിക്കുന്നത്. ഡോ: ഡാനിയേൽ ഹെർ വാർട്സിന്റെ നേതൃത്വത്തിലുള്ള ജർമൻ ഗവേഷകരാണ് ഇതറി യിച്ചത്.

ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക; പകൽ വാഴേണ്ടതിനു വലിപ്പമേറിയ വെളിച്ചവും രാത്രി വാഴേണ്ടതിനു വലിപ്പം കുറഞ്ഞ വെളിച്ചവുമായി രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി, നക്ഷത്രങ്ങളെയും ഉണ്ടാക്കി.(ഉല്പ 1:16). രാത്രി വാഴുവാൻ ചന്ദ്രനെയും ഉണ്ടാക്കിയവന്... അവന്റെ ദയ എന്നേക്കുമുള്ളത്. (സങ്കീ: 136:9).

സകല ചരാചരങ്ങളെയും സൃഷ്ടിച്ചത് സ്വർഗ്ഗത്തിലെ ദൈവമാണ്. ലോകത്തിലെ ഒരു ശാസ്ത്രജ്ഞനും ആ ദൈവത്തിന്റെ കൈപ്പണിയെ ചോദ്യം ചെയ്യുവാൻ വളർന്നിട്ടില്ല. വിശുദ്ധ ബൈബിൾ സത്യമാണ്. ആ സത്യം ഗ്രഹിക്കുവാൻ ശാസ്ത്രജ്ഞൻമാർക്ക് ജ്ഞാനം ലഭിക്കട്ടെ.

**(SP)**

## ജെ.സി.ദേവ് ഖേദം പ്രകടിപ്പിച്ചു...പക്ഷേ

ജെ.സി.ദേവ് പെന്തക്കോസ്തിലേക്ക് പോയതിൽ ഖേദം പ്രകടിപ്പിച്ച് ഹാപ്പിവോയ്സിന് എഴുത്തയച്ചിരിക്കുന്നു. പൂർണ്ണം രൂപം അടുത്ത ലക്കത്തിൽ. പക്ഷേ... സംശയങ്ങൾ വീണ്ടും ബാക്കി.



# സുവിശേഷ വേലക്കാരുടെ ആവശ്യങ്ങളിൽ സഭയുടെ ഉത്തരവാദിത്വം

*E.V.VARGHESE-ANGAMALY*

വേല ചെയ്യുന്നതിനും വേലക്കാരെ പോററുന്നതിനും സഭകൾക്കുള്ള ചുമതല തർക്കരഹിതമായിട്ടുള്ളതാണ്. മലയാള ദേശങ്ങളിൽ ഒട്ടുവളരെ സഭകൾ ഉണ്ടെങ്കിലും ഇക്കാര്യത്തിൽ എത്രയും ഉദാസീനമായ ഒരു മനോഭാവമാണ് സഭകൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ ജനം ഉണർത്തപ്പെടുകയും അവർ തങ്ങളുടെ കടപ്പാടുകൾ കണ്ടറിഞ്ഞ് നിറവേററുകയും ചെയ്യുന്നതിന് നമുക്കെല്ലാവർക്കും താത്പര്യത്തോടെ പ്രാർത്ഥിക്കാം.

സഭകൾ തങ്ങളുടെ ചുമതലകൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കാത്തതിന് വേലക്കാരും കൂടെ ഉത്തരവാദികൾ അല്ലേ എന്ന് എനിക്കു കൂടെ കൂടെ തോന്നാറുണ്ട്. ഗർഭത്തിൽ ഒരു ശിശു ഉത്പാദിക്കുമ്പോൾ അതോടൊന്നിച്ച് അതിനുള്ള ആഹാരവും അതിന്റെ മാതാവിന്റെ മാർവിൽ ഉത്ഭവിക്കുന്നതായി നാം കണ്ടുവരുന്നു. കുഞ്ഞുണ്ടാകാതെ പാലുണ്ടാകുന്നില്ല. ഇവയ്ക്ക് അസാധാരണമായ ഒരു പരസ്പര ബന്ധമുണ്ട്. ഒന്ന് മറെറാന്നിനോട് അഭിവാജ്യമായ വിധം ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിൽ നിന്നും സിദ്ധിക്കുന്നത് വേലക്കാരുണ്ടാകുമ്പോൾ അവരെ പോററുന്നതിന് പാൽ സഭയിൽ ഉണ്ടായി വരുമെന്നതാണ്. മുലയിൽ പാലില്ലാത്ത ചില തള്ളമാരും ഉണ്ടെന്നുള്ളത് വാസ്തവമെങ്കിലും കുഞ്ഞുണ്ടായാൽ അതോടൊന്നിച്ച് പാലും ഉണ്ടാകുമെന്നാണ് സാധാരണ ഗതിയിൽ ന്യായമായി ഗതിയിൽ പ്രതീക്ഷിക്കേണ്ടത്.

ഈ അടുത്ത കാലങ്ങളിൽ പല ചെറുപ്പക്കാരും പല സ്ഥലങ്ങളിൽ തങ്ങളുടെ ജോലികൾ ഉപേക്ഷിച്ച് കർത്താവിന്റെ വേലയിൽ പ്രവേശിച്ചിട്ടുണ്ട്. ഇവരിൽ ചിലർ മലയാള രാജ്യങ്ങളിലും മററു ചിലർ അന്യരാജ്യങ്ങളിലും കർത്താവിന്റെ വേലയിൽ ഏർപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ദേശങ്ങളിൽ കുടുംബമായി പോയി താമസിച്ച് വേല ചെയ്യുക എന്നത് ധാരാളം പണച്ചിലവുള്ള കാര്യമാണെന്നു പറഞ്ഞേ കഴിയു എന്നില്ല. വീട്ടുവാടകയും മററു ചിലവുകളും അസാമാന്യമായി വർദ്ധിച്ചിരിക്കുന്ന ഈ കാലങ്ങളിൽ ദൈവം ഈ കുടുംബങ്ങളെയെല്ലാം പുലർത്തുക തന്നെ ചെയ്യും. ദൈവം ഏതാനും കുടുംബങ്ങളെ പുലർത്തിയെന്നത് ഒരത്ഭുതമായി ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അവർക്കു ദൈവത്തെക്കുറിച്ചുള്ള അറിവ് തുലോം നിസ്സാരമെന്നേ പറയാവൂ. ലോകത്തിന്റെ നാനാ ഭാഗങ്ങളിലായി കർത്താവിനെ മാത്രം ശരണമാക്കിയിരിക്കുന്ന എത്ര ആയിരം, പതിനായിരം കുടുംബങ്ങളെ അവിടുന്നു പോററിപ്പുലർത്തുന്നു. അഖിലാണ്ഠത്തിന്റെ ഉടമസ്ഥന് സാധുക്കളായ നമ്മെ പുലർത്തുക എന്നത് ഒരു ശ്രമാവകമായ കാര്യമൊന്നുമല്ല. ലോകം ഉണ്ടായതു മുതൽ തങ്കലേക്കു ഏകാഗ്രമായിരിക്കു ന്നവർക്ക് ദൈവം തന്നെത്താൻ ബലവാനാണെന്നു വെളിപ്പെടുത്തി കാണിച്ചിട്ടുണ്ട്. കർത്താവ് ഇന്നു നിന്നെ വിളിച്ചിട്ടുണ്ടെങ്കിൽ നീ ഇറങ്ങി തിരിച്ചത് അവിടുത്തെ ➲7

വിളിക്ക് അനുസരണമായിട്ടാണെങ്കിൽ ഒരു സങ്കോചത്തിനും ഭയത്തിനും ആവശ്യമില്ല. ധൈര്യത്തോടെ മുമ്പോട്ടു പോകാം. പോകുവിൻ എന്നു കല്പിച്ചവൻ ഞാൻ നിന്നോടു കൂടെയുണ്ട്എന്നു വാഗ്ദത്തം ചെയ്തവൻ ഈ ഭൂമിയിൽ അവിടുത്തെ കണ്ണുകൊണ്ട് നമ്മെ നടത്തുകയും പിന്നെത്തേതിൽ മഹത്വ ത്തിലേക്കു നമ്മെ ചേർത്തുകൊള്ളുകയും ചെയ്യും. ഇതിൽ കൂടുതൽ യാതൊന്നും നമുക്കാവശ്യമില്ലല്ലോ. പണം ആവശ്യമെങ്കിലും പണമല്ല വേലക്കാരാണ് ആദിയിൽ ഉണ്ടാകേണ്ടത്.

വേല വളരെ വേലക്കാർ ചുരുക്കം എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ നൂററാണ്ടുകൾക്കു മുമ്പെയുള്ള വാക്കുകൾ ഇന്നും എത്ര യഥാർത്ഥമായിരിക്കുന്നു. ഏതു വകുപ്പിലും വിഭാഗത്തിലും ഉള്ള വിശുദ്ധൻമാർക്ക് ഈ ഭാഗങ്ങൾ സഹായകരമായിരിക്കണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കിലും എഴുത്തുകാരന്റെ ഏററം മുൻവശത്തിരിക്കുന്നത് വേർപാടു സഭകളാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിലും വിശേഷിച്ച് തെക്കെ ഇന്ത്യയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലും ഈ എഴുത്തുക്കാരൻ സഞ്ചരിക്കയും ഒട്ടു വളരെ സഭകൾ സന്ദർശിക്കയും ചെയ്തിട്ടുണ്ട്. എവിടെയും കാണാവുന്ന ഒരു കാര്യം വേലക്കാരുടെ അഭാവം എന്നുള്ളതാണ്. അനവധി സഭകൾ തള്ളയില്ലാത്ത കുഞ്ഞുങ്ങളെപ്പോലയൊണ് കഴിഞ്ഞു കൂടുന്നത് വേലക്കാരുടെ കുറവ് സഭയ്ക്കുള്ളിലെ കാര്യങ്ങളിലും സഭയ്ക്കു വെളിയിലെ കാര്യങ്ങളിലും ഒരുപോലെ തെളിഞ്ഞു കാണാം.

സഭയ്ക്കകത്തെ കാര്യം തന്നെ ആദ്യമായി നോക്കാം. സഭാംഗങ്ങളുടെ വിവിധമായ സ്ഥിതിഗതികളിൽ അവരെ സഹായിക്കുന്നതിനു ആരും തന്നെയുണ്ടാകാറില്ലെന്നുള്ളത് അനവധി സഭകളുടെ ആനുഭവിക വശങ്ങളാണ്. ഒരു വീട്ടിൽ രോഗം ഉണ്ടാകുന്നു. വേറൊരിടത്തു സമാധാനക്കുറവുണ്ടാകുന്നു. ഇനി ഒരിടത്തു ഞെരുക്കം ഉണ്ടാകുന്നു. അതുപോലെ പലതും ഉണ്ടാകുന്നു. അവരുടെ വീടുകൾ സന്ദർശിക്കുന്നതിനോ ക്ഷീണിച്ചിരിക്കുന്നവരെ ശക്തിപ്പെടുത്തുന്നതിനോ സങ്കടപ്പെടുന്നവരെ ആശ്വസിപ്പിക്കുന്നതിനോ അധൈര്യപ്പെട്ടിരിക്കുന്നവരെ പ്രത്യാശയുടെ വചനങ്ങൾ പറഞ്ഞുകൊടുത്തു ധൈര്യപ്പെടുത്തുകയും അവരോടൊന്നിച്ച് മുട്ടുകുത്തി പ്രാർത്ഥിക്കയും ചെയ്യുന്നതിനു ആരുമില്ലാത്ത ഒട്ടു വളരെ സഭകൾ കാണുന്നതിനുള്ള നിർഭാഗ്യം നമുക്കെല്ലാം ഉണ്ടായിട്ടുണ്ട്. ഒരു പ്രത്യേക സ്ഥലം ഈ ഘട്ടത്തിൽ ഓർമ്മയിൽ വരുന്നു. അവിടെ കൊല്ലം തോറും മഹായോഗങ്ങൾ നടക്കയും മിക്കവാറും കൊല്ലങ്ങളിൽ യോഗങ്ങളിൽ വെച്ച് അനേകർ രക്ഷിക്കപ്പെടുകയും ചെയ്യാറുണ്ട്. എന്നാൽ അങ്ങനെ രക്ഷിക്കപ്പെട്ടവരെ സിംഹഭാഗവും ആ സ്ഥലത്തെ സഭയിലില്ല. കാരണങ്ങൾ പലതുണ്ടായിരിക്കാം. ഏററം പ്രധാനപ്പെട്ട കാരണം കർത്താവിങ്കലേക്കു വന്നവരെ ചെന്നു കാണുകയും അവരോടൊന്നിച്ച് പ്രാർത്ഥിക്കയും അവരെ ദൈവകൃപയിൽ നിലനില്ക്കത്തക്കവണ്ണം പ്രബോധിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതിനു ആളില്ലായെന്നതാണ്. ജനിച്ച കുഞ്ഞുങ്ങളെ കുളിപ്പിച്ചു പാലുകൊടുക്കുന്നതിനും സൂക്ഷിച്ചു വളർത്തുന്നതിനും ആളില്ലാതെപോയാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് ഏവർക്കും അറിയാവുന്നതാണല്ലോ. അനവധി സഭകളുടെ ഇന്നത്തെ സ്ഥിതി തികച്ചും ഇതുതന്നെയാണ്.

(തുടരും)



# കിണറിന്റെ മനുഷ്യൻ

M.V.THOMAS

യിസ്ഹാക്ക് തന്റെ പിതാക്കൻമാരേക്കാൾ കൂടുതൽ ജീവിച്ചെങ്കിലും തന്നെക്കുറിച്ചു കുറച്ചു മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. വേദപുസ്തകത്തിൽ ഉല്പത്തി 26-ാം അദ്ധ്യായം മുഴുവനായി യിസ്ഹാക്കിനുവേണ്ടി വിനിയോഗിച്ചിരിക്കുന്നു. അവൻ ഒരു വലിയ പിതാവിന്റെ സാധാരണ മകനും, ഒരു വലിയ മകന്റെ സാധാരണ പിതാവുമായിരുന്നു.

അബ്രഹാമിന്റെ കാലത്തുണ്ടായിരുന്ന മുമ്പിലത്തെ ക്ഷാമം കൂടാതെ പിന്നെയും ആ ദേശത്ത് ഒരു ക്ഷാമം ഉണ്ടായി. അപ്പോൾ യിസ്ഹാക്ക് ഗെരാരിൽ ഫെലിസ്ത്യരുടെ രാജാവായ അബീമേലക്കിന്റെ അടുക്കൽ പോയി. യഹോവ അവനു പ്രത്യക്ഷനായി അരുളിച്ചെയ്തത് എന്തെന്നാൽ; നീ മിസ്രയീമിലേക്കു പോകരുത്; ഞാൻ നിന്നോടു കല്പിക്കുന്ന ദേശത്തു പാർക്ക; ഈ ദേശത്തു താമസിക്ക(ഉല്പ 26:1-3). തന്റെ പിതാവായ അബ്രഹാമിനുണ്ടായ അതേ പരിക്ഷ യിസ്ഹാക്കിനും ഉണ്ടാകുന്നു. ദേശത്തു ക്ഷാമം. ദൈവദാസൻമാരുടെ ജീവിതം പരീക്ഷിക്കുവാൻ ദൈവം ഇത്തരം കാര്യങ്ങൾ അയക്കുന്നു. ദൈവത്തോടു ആലോചിക്കാതെ യിസ്ഹാക്ക് വേഗത്തിൽ ഫെലിസ്ത്യ ദേശത്തേക്കു പോകുന്നതായി കാണുന്നു. അപ്പൻ ചെയ്ത തെററു മകനും ആവർത്തിക്കുന്നു. പിതാക്കൻമാർ ദോഷകരമായ നിലപാടു സ്വീകരിക്കുമ്പോൾ ദൂരവ്യാപകമായി അതങ്ങനെ മക്കളിലേക്കു വ്യാപരിക്കുമെന്നതിന്റെ പ്രത്യക്ഷ തെളിവാണിത്. ഗെരാരിലേക്കു പോയ യിസ്ഹാക്കിനെ വീണ്ടും തെക്കോട്ട്, അതായത് മിസ്രയീമിലേക്കു പോകാതെ ദൈവം തടയുന്നു. അതല്ലെങ്കിൽ തന്റെ പിതാവായ അബ്രഹാമിനെപ്പോലെ താനും മിസ്രയീമിലേക്കു പോയി എത്ര ദുഃഖങ്ങൾ അനുഭവിക്കുമായിരുന്നു. ദൈവം തന്റെ മക്കളെ നേർപാതയിൽ നടത്തുന്നവനാണ്. ഇതിനെത്രയെത്ര ഉദാഹരണങ്ങൾ തിരുവചനത്തിലുണ്ട്. യാക്കോബിനെ മിസ്രയീമിലേക്ക്( ഉല്പ 46:1-4),യിസ്രായേൽ മക്കളെ ചെങ്കടലിലേക്ക്(പുറ 14:14),യിസ്രായേലിനെ യോർദ്ദാനക്കരയിലേക്ക്(യോശു 1:2),ഗിദയോനെ മിദ്യാന്യരുടെ അടുക്കലേക്ക്(ന്യായ 6:14), പ്രവാചകനെ തെററിപ്പോയ യഹൂദൻമാരുടെ നടുവിലേക്ക്(യിരമ്യ 1:7),വിദ്വാൻമാരെ വേറെ വഴിയായി(മത്താ 2:12),പൗലോസിനെ മക്കദോന്യയിലേക്ക്(അ.പ്ര.16:6-10).

ഇന്നു തന്റെ ജനത്തെ നടത്തുവാൻ പരിശുദ്ധാത്മാവാം ദൈവം കൂടെയുണ്ട്.(യോഹ 16:13,അ.പ്ര.10:19,20,13:ഇ,റോമ 8:14).

ഈ ദെശത്തു താമസിക്ക(വാ.3) ഇംഗ്ളീഷ് ഭാഷാന്തരത്തിൽ Sojourn in the land (ഈ ദേശത്തു പരദേശിയായി പാർക്ക) എന്നാണു കൊടുത്തിരിക്കുന്നത്. ദൈവം തന്റെ മക്കളെക്കുറിച്ച് താത്പര്യപ്പെടുന്നത്, അവർ സ്വർഗ്ഗത്തിനവകാശികളാകയാൽ ഈ ദുഷ്ട ഭൂമിയിൽ നിന്നും അന്യരും പരദേശികളുമായി ജീവിക്കണമെന്നുള്ളതാണ്. അവർ കൂടുതൽ കെട്ടുറപ്പുള്ള സംവിധാനങ്ങൾ ഇവിടെ ക്രമപ്പെടുത്തുമ്പോൾ ഇതിനോടു യാത്ര പറയുവാൻ ബുദ്ധിമുട്ടായിരിക്കും. ലോത്തിന്റെ ഭാര്യക്കു പററിയ തകരാറ് ഇതാണ്.

➲9

ഭാരങ്ങൾ കുറയുന്തോറും യാത്രയും എളുപ്പമായിരിക്കുമല്ലോ. ദൈവജനത്തിന്റെ നിക്ഷേപം സ്വർഗ്ഗത്തിലാണെങ്കിൽ അവിടേക്കു പോകുവാൻ എത്രമാത്രം വെമ്പൽ കൊള്ളും. യിസ്ഹാക്ക് വിശ്വാസത്താൽ നടക്കാതെ കാഴ്ചയാലാണ് നടക്കുന്നത്. സമ്പത്തിന്റെയും സമദ്ധിയുടെയും അവസ്ഥയിൽ മിസ്രയീമിൽ ഫറവോനോടു കൂടെ ജീവിക്കുന്നതിനെക്കാൾ,ക്ഷാമത്തിൽ ദൈവത്തോടുകുടെ ജീവിക്കുന്നെത്ര ഉത്തമമാണ്. എന്നാൽ യിസ്ഹാക്കിനെ ദൈവം കൂടുതൽ ദോഷത്തിലേക്കു പോകാതെ തടയുകയും തന്റെ പിതാവിനോടുള്ള അനുഗ്രഹം ആവർത്തിച്ചു പ്രഖ്യാപിക്കയും ചെയ്യുന്നു.(വാ 3-5).

അങ്ങനെ യിസ്ഹാക്ക് ഗെരാരിൽ പാർത്തു. ആ സ്ഥലത്തെ ജനം അവന്റെ ഭാര്യയെക്കുറിച്ച് അവനോടു ചോദിച്ചു. അവൾ എന്റെ സഹോദരിയെന്ന് അവൻ പറഞ്ഞു; റിബേക്ക സൗന്ദര്യമുള്ളവളാകകൊണ്ടു ആ സ്ഥലത്തെ ജനം അവളുടെ നിമിത്തം തന്നെ കൊല്ലാതിരിക്കേണ്ടതിനു അവൾ എന്റെ ഭാര്യയെന്നു പറയുവാൻ അവൻ ശങ്കിച്ചു. അവൻ അവിടെ ഏറെക്കാലം പാർത്തശേഷം(ഉല്പ 26:6-8). യിസ്ഹാക്ക് ഗെരാരിൽ ചെന്നു പാർത്തു. കനാന്റെയും മിസ്രയീമിന്റെയും അതിർത്തിയാണ് ഗെരാർ. ദൈവം അവനോടു പരദേശിയായി പാർക്കുക എന്നു പറയുന്നു. എന്നാൽ യിസ്ഹാക്ക് ദീർഘകാലം അവിടെ വസിച്ചതായി കാണുന്നു.(വാ 6,8). അവിശ്വസ്തതയുടെയും പിൻമാററത്തിന്റെയും ആവർത്തനമാണിവിടെ കാണുന്നത്. അബ്രഹാം ഭാര്യയെ പെങ്ങളാക്കിയ നയം തന്നെ യിസ്ഹാക്കും സ്വീകരിക്കുന്നു. സ്വരക്ഷയ്ക്കു വേണ്ടിയുള്ള ലജ്ജാകരമായ ആവർത്തനം. ദൈവം നമ്മുടെ രക്ഷയാകുമ്പോൾ നാമെന്തിനു ഭയപ്പെടണം. ആത്മാവിന്റെ രക്ഷയിൽ മാത്രം ഒതുങ്ങുന്നതല്ലല്ലോ ദൈവത്തിന്റെ രക്ഷ. നമ്മുടെ ശരീരങ്ങളുടെ രക്ഷയും ഉത്തരവാദിത്വവും അവിടുന്ന് ഏറ്റെടുത്തിട്ടുണ്ട്.സങ്കീർത്തനക്കാരൻ പറയുന്നു; ഒരു സൈന്യം എനിക്കെതിരെ പാളയമിറങ്ങിയാലും ഞാൻ ഭയപ്പെടുകയില്ല. പിന്നെന്തിനു ദൈവമക്കൾ ഭയപ്പെടണം. യിസ്ഹാക്ക് കളവിന്റെ പിമ്പിൽ കുറേക്കാലത്തേക്കു മറഞ്ഞു കഴിഞ്ഞെങ്കിലും ഒരു ദിവസമ അത് അവനെ പിടികൂടുകതന്നെ ചെയ്തു. അപ്പോൾ അബീമലേക്ക് നീ ഞങ്ങളോടു ചെയതതെന്ത്. അവൾ നിന്റെ ഭാര്യയാകുന്നു നിശ്ചയം. പിന്നെ എന്റെ സഹോദരിയെന്നു പറഞ്ഞത് എങ്ങനെ(26:9,10). എത്രനാൾ ഒരു ദൈവ പൈതലിനു ഇരുതോണിയിൽ കാൽ വെക്കുവാൻ കഴിയും. യിസ്ഹാക്കിന്റെ വിശ്വസതതയെ ലോകമനുഷ്യനായ അബീമലേക്ക് ചോദ്യം ചെയ്യുന്നു. ദൈവദാസൻമാർ ലോകരാൽ വിധിക്കപ്പെടുന്നത് എത്ര ദുഃഖകരമാണ്. അബീമലേക്ക് ഒരു വിശ്വാസി അല്ലെങ്കിലും ദൈവത്തെ ഭയപ്പെട്ട് പരമാർത്ഥതയോടും നീതിയോടും ഇവിടെ വർത്തിക്കുന്നതായി കാണാം. അത്രപോലും വിശ്വസ്തത ദൈവദാസനായ യിസ്ഹാക്കിനില്ലെന്നുള്ളത് എത്ര പരിതാപകരം. ലോകം ദൈവജനത്തിൽ നിന്ന് എല്ലാ രംഗത്തും ഉഒരു ഉയർന്ന നിലവാരം പ്രതീക്ഷിക്കുന്നു. (തുടരും)

### പ്രാർത്ഥന

*ലോകത്തിലെ സകല സൈന്യശക്തിക്കും ചേർന്ന് നേടുവാൻ കഴിയാത്തത് ദൈവമക്കളുടെ പ്രാർത്ഥനയ്ക്ക് നേടുവാൻ കഴിയും.*



# എന്തുകൊ് ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത്

Dr.P.Y.GEORGE-TRIVANDRUM

നിക്ഷേപിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ് നാണയങ്ങളുടെ ആകൃതി. Flat ആയതിനാൽ കൂട്ടിവയ്ക്കാനും round ആയതിനാൽ Roll ചെയ്യാനും എളുപ്പം. എന്നാൽ പഴയകാല നിക്ഷേപങ്ങളുടെ ഭൗതിക ഗുണങ്ങൾ നിക്ഷേപിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതാണെന്ന സത്യവും നിഷേധിക്കാനാവില്ല. നാണയത്തിന്റെ ലോഹം തുരുമ്പിക്കും; ധാന്യം പുഴുവരിക്കും; അവ നിശ്ചയമില്ലാത്തതും ക്ഷണികവും ആണ്.

ഇവിടെ ഓർത്തിരിക്കേണ്ട വിഷയം തിരുവെഴുത്ത് ഭാവിയിലേക്കു കരുതിവയ്ക്കുന്നതിനെതിരല്ല.(1 തിമൊ 5:8, 1 തിമൊ 6:17). പൊതുഭരണ ശാസ്ത്രത്തിലെ ആസൂത്രണം എന്ന സിദ്ധാന്തത്തിനെതിരാണ് കല്പനയെന്നു വിചാരിച്ചുകൂടാ. അ.പ്ര. 5-ാം അദ്ധ്യായത്തിൽ പറയുന്ന കാര്യങ്ങളും കരുതിവെയ്ക്കുന്നതിനെ തിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. വിററു സമമായി വീതിച്ചുവെന്നതിന്റെ ആശയം എല്ലാം ഒന്നിച്ചു വിററു എല്ലാവർക്കും സമമായി വീതിച്ചുവെന്നല്ല. ആവശ്യമുള്ളപ്പോൾ മാത്രമാണ് വിററത്. എന്നാൽ വീതിച്ചത് സമമായിട്ടാണെന്നു മാത്രം. Marx സിദ്ധാന്തിക്കുന്നതുപോലെ തിരുവെഴുത്ത് സ്വകാര്യ സ്വത്തിനെതിരല്ല. ലൂക്കൊസ് 12-ലെ മൂഢനെ കർത്താവ് ശാസിക്കുന്നത് അവന്റെ സ്വാർത്ഥതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത തിരുവെഴുത്ത് പരിശോധി ച്ചാൽ എന്റെ എന്ന പദം അവൻ പലവട്ടം ഉപയോഗിച്ചിട്ടുള്ളതായി കാണാം. അതിനാൽ ഒരിക്കലും കരുതൽ ശേഖരം എന്ന ആശയത്തെ തിരുവെഴുത്തു നി ഷേധിക്കുന്നില്ല എന്നു ഗ്രഹിക്കാവുന്നതാണ്. ഫറവോന്റെ മന്ത്രിയായിരുന്ന യോ സേഫ് ഈ ആശയത്തിന്റെ ഉപജ്ഞാതാവായിട്ടാണ് അറിയപ്പെടുന്നത്.

ചുരുക്കിപ്പറഞ്ഞാൽ കർത്താവ് ഇവിടെ ശാസിക്കുന്നത് ദ്രവ്യാഗ്രഹത്തെയാണ്. അത്യാഗ്രഹം പാടില്ലതന്നെ. പോരാ പോരാ എന്നു പറയുന്നതാണ് അത്യാഗ്രഹം. അതിനെങ്ങനെ കടിഞ്ഞാണിടുവാൻ കഴിയും. ഒരു മനുഷ്യൻ എപ്പോൾ തൃപ്തനാകുമെന്ന് കോടീശ്വരനായിരുന്ന Rockfeller - നോട് ഒരു പത്രപ്രതിനിധി ഒരിക്കൽ ചോദിക്കയുണ്ടായി. അതിനദ്ദേഹം നൽകിയ മറുപടി വളരെ അർത്ഥ പൂർണ്ണമായിരുന്നു. എല്ലാവരുടെയും ആഗ്രഹം ഒരു ഡോളർ കൂടി വേണമെന്നായിരിക്കും. അതു നില്ക്കുമ്പോൾ അവൻ തൃപ്തനാകും. പക്ഷേ അതുണ്ടാകില്ല. 55-ാം വയസ്സിൽ അദ്ദേഹം രോഗബാധിതനായി. അദ്ദേഹത്തിന്റെ രോഗത്തിന്റെ മൂലഹേതു മാനസ്സികമാണെന്നു കണ്ടെത്തിയ ഒരു ക്രൈസ്തവ ഭക്തൻ അതിനൊരു പ്രതിവിധി നിർദ്ദേശിച്ചു. അതിങ്ങനെയായിരുന്നു. ഇതുവരെയും അങ്ങയുടെ ജീവിതാഭിലാഷം ഒരു ഡോളർ കൂടി നേടുകയെന്നായിരുന്നുവല്ലേ. ഇനിമേൽ അത് ഒരു ഡോളർ ആർക്കെങ്കിലും കൊടുക്കുകയെന്നായിരിക്കട്ടെ. ആ ഉപദേശം സ്വീകരിച്ച് അദ്ദേഹം പ്രവർത്തിക്കാൻ തുടങ്ങി. അങ്ങനെയാണ് അനേകം Charitable Foudations പില്ക്കാലത്ത് അദ്ദേഹത്തിന്റെ പേരിൽ രൂപപ്പെട്ടത്.

➲11

ഫലമോ തന്റെ രോഗം മാറി താൻ 35 വർഷം കൂടി ജീവിക്കയുണ്ടായി. ദ്രവ്യാഗ്രഹം മൂലം ശാപം ഏററു വാങ്ങിയവരുടെ ദൃഷ്ടാന്തങ്ങൾ തിരുവെഴുത്തിൽ തന്നെ ദുർലഭമല്ല. ഗേഹസിക്ക് കുഷ്ഠം ബാധിച്ചു. അനന്യാസ് സഫീറ,യൂദാ എന്നിവർ ദാരുണമായ അന്ത്യം പ്രാപിച്ചു.

ദ്രവ്യാഗ്രഹം സൂക്ഷിച്ചു കൊള്ളാൻ കർത്താവ് കല്പിക്കുന്നു. പൗലോസും ഈ ദോഷത്തിനെതിരെ വിരൽ ചൂണ്ടിയിട്ടുണ്ട്. 1 തിമൊ 6:10. ഈ കല്പന ധനവാനും ദരിദ്രനും ഒരുപോലെ ബാധകമാണ്. സൂക്ഷിച്ചില്ലെങ്കിൽ ദരിദ്രൻ അതിൽ വീണെന്നും ധനവാൻ അത് സൂക്ഷിച്ചാൽ അതിൽ വീണില്ലെന്നും വരാം. ഉദാ .ഇയ്യോബ്. ഈ ദോഷത്തിന്റെ മാരക സ്വഭാവം ലോക മഹാൻമാരും തിരിച്ചറിഞ്ഞിട്ടുണ്ട്.

**എങ്ങനെ സ്വർഗ്ഗത്തിൽ നിക്ഷേപിക്കണം.**

അനേക മടങ്ങ് പ്രതിഫലം കിട്ടത്തക്കവിധം സ്വർഗ്ഗത്തിലായിരിക്കണം ഒരുവന്റെ നിക്ഷേപം.(1 തിമൊ 6:18,19). വിററു ദരിദ്രർക്കു കൊടുക്കുന്നതാണ് ഒരു മാർഗ്ഗം. ലൂക്കൊ 18:22. അങ്ങനെ ചെയ്താൽ ദൈവം നിന്റെ കാര്യം നോക്കിക്കൊള്ളും.( ലൂക്കൊ 12:22-27,മത്താ 6:25-34, ഫിലി 4:19) എളിയവനോടു ദയ കാണിക്കുന്നവൻ യഹോവയ്ക്കു വായ്പകൊടുക്കുന്നതായി സദൃശ്യവാ ക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവവിഷയമായി സമ്പന്നനാകാതെ നിക്ഷേപങ്ങൾ ഈ ഭൂമിയിൽ നിക്ഷേപിക്കുന്നത് ഭോഷത്വമാണെന്നു നമ്മുടെ കർത്താവു തന്നെ വ്യക്തമാക്കിയിട്ടുള്ളത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.(ലൂക്കൊ 12:21). ധനവിനിയോഗത്തിൽ തന്റെ ഐഹിക ജീവിത കാലത്ത് കർത്താവ് സ്വീകരിച്ച മാതൃക വിശ്വാസികൾ അനുകരിക്കേണ്ടതാണ്. അവിടുന്ന് പണം ഉപയോഗിച്ചത് ശിഷ്യൻമാരുടെ ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നുവല്ലോ. സുവിശേഷഘോഷണത്തിനായി ഉദാരമായി ഒരു ദൈവ പൈതൽ കൊടുക്കുന്നതും സ്വർഗ്ഗീയ നിക്ഷേപങ്ങളായി ദൈവം പരിഗണിക്കുന്നതാണ്.

**നിന്റെ നിക്ഷേപം ഉള്ളിടത്തു നിന്റെ ഹൃദയവും ഇരിക്കും**

മനശാസ്ത്രപ്രധാനമായ ഒരു നിരീക്ഷണമാണ് കർത്താവ് ഇവിടെ നടത്തിയിരിക്കുന്നത്. എപ്പോഴും ചാഞ്ചാടിക്കൊണ്ടിരിക്കുന്ന മനസ്സിനെ പിടിച്ചുകെട്ടാൻ സഹായിക്കുന്ന ബലിഷ്ഠമായ തൂണാണ് അവന്റെ നിക്ഷേപങ്ങൾ. കൗമാര പ്രായം ചാപല്യത്തിന്റേതാണ്. അബദ്ധ സഞ്ചാരണം ചെയ്യുവാൻ സാദ്ധ്യതയുള്ള കാലം. അവന്റെ സ്വഭാവ രൂപവത്ക്കരണത്തിനു ഈ മനശാസ്ത്ര സത്യം പ്രായോഗികമാക്കാവുന്നതാണ്. ഈ പ്രായത്തിൽ അവന്റെ മനസ്സിനെ ആത്മീയ വിഷയത്തിൽ തളച്ചിടുവാൻ കഴിഞ്ഞാൽ ആ താത്പര്യം തന്റെ ഹൃദയത്തിൽ നിധിപോലെ കാത്തു സൂക്ഷിക്കും. മററു ചാപല്യങ്ങൾക്കൊന്നും അവനെ വശീകരിക്കുവാൻ കഴിയുന്നതല്ല. ജ്ഞാനിയായിരുന്ന ശലോമോന്റെ കല്പനകളും ഈ സത്യത്തിനു പിൻബലം നൽകുന്നുന്നുണ്ട്.(സഭാ.പ്ര.12:1). കായിക രംഗത്തെ പ്രതിഭകളെ അതിനു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. അവരാരും പൂവാലൻമാരുടെ പട്ടികയിൽ പെടാറില്ല. കാരണം അവരുടെ ശ്രദ്ധ (ഹൃദയം) എപ്പോഴും കായിക വിഷയങ്ങളിൽ കേന്ദ്രീകരിച്ചിരിക്കും. കായിക നേട്ടങ്ങളാണ് അവരുടെ നിക്ഷേപങ്ങൾ. ഏതു മനുഷ്യന്റെയും ഹൃദയം അവന്റെ നിക്ഷേപങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുമെന്നതിനാൽ സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ ശേഖരിക്കുന്നതിൽ ദൈവജനം തത്പരരായിരിക്കണം.

➲12



മത്തായി 6:22-24- ആലങ്കാരിക ഭാഷയിൽ പരീശൻമാരുടെ കണ്ണുകൾക്ക് ആത്മിയ തിമിരം ബാധിച്ചിരിക്കുന്നതായി കർത്താവ് പ്രസ്താവിക്കുന്നു. ഇവിടെ പറയുന്ന നമ്മുടെ മനസാക്ഷിയാണെന്നു ദൈവദാസനായ ചാൾസ് ഫ്ലോർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ക്രൂര കൃത്യങ്ങൾ ചെയ്യുന്നവർ മനസ്സാക്ഷിയുടെ പിൻ ബലത്തിൽ അവരുടെ പ്രവൃത്തിക്കു നീതീകരണംഅവകാശപ്പെടാറുണ്ട്. അതു ദോഷതരമാണെന്നേ പറയാൻ കഴിയൂ. സ്വന്തം മനസാക്ഷിയെ ഇച്ഛാനുസരണംവളച്ചൊടിച്ചാണ് അവൻ അങ്ങനെ ചെയ്യയുന്നുവെന്നതാണ് യാഥാർത്ഥ്യം. ദൈവഭയത്തിൽ സ്വന്ത മനസ്സാക്ഷിയെ നേരായി ബോധവത്ക്കരിക്കാത്ത ഒരുവൻ അവന്റെ മനസ്സാക്ഷിയെ നമ്പാൻ കഴിയുന്നതല്ല. പരീശൻമാർക്ക് അവർ ധനമോഹികളും അതിനടിമകളുമായതിനാൽ അവരുടെ സാക്ഷാൽ യജമാനനായ ദൈവത്തോടു കൂറു പുലർത്തുവാൻ കഴിയുകയില്ലായെന്നാണ് കർത്താവ് പറയുന്നത്. രണ്ടു യജമാനൻമാരെ ഒരേ സമയത്തു വിശ്വസ്തതയോടെ സേവിപ്പാൻ കഴിയുകയില്ലെന്നു കർത്താവ് അവരെ ഓർപ്പിക്കുന്നു.(മാമോനെയും ദൈവത്തെയും) താൻ പാതി ദൈവം പാതി എന്ന ലോക സ്ദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഒരുവനു രണ്ടുയജമാനൻമാരെ ഒരേസമയം സേവിക്കുവാൻ കഴിയുമെന്നു വാദിക്കുന്നവരുണ്ട്.

## കച്ച് സൗരാഷ്ട്ര ബ്രദറൺ സഭകളുടെ സംയുക്ത സഭായോഗം

ഗുജറാത്തിലെ കച്ച് സൗരാഷ്ട്രയിലെ നാലു സ്ഥലം സഭകളുടെ സംയുക്ത യോഗം ജൂൺ 7-ാം തീയതി രാവിലെ 10 മണി മുതൽ 2 മണി വരെ ഗാന്ധിധാം ബ്രദറൺ സഭാഹാളിൽ വെച്ചു അനുഗ്രഹകരമായി നടത്തുവാൻ കർത്താവ് സഹായിച്ചു. അയൽ സഭകളായ സാമഖ്യാലി, രാജ് കോട്ട്, ജാംനഗർ എന്നീ സ്ഥലം സഭയിലെ സുവിശേഷകൻമാരും വിശ്വാസികളും പങ്കെടുത്തു. സുവിശേഷകൻമാരായ ഡേവിഡ്.പി.ഐസക് ,പി.ററി.ജോൺ,വി.വി. മാത്യു തുടങ്ങിയവർ വചനം സംസാരിച്ചു. കൂടാതെ വിശ്വാസികളുടെ വിവിധ ആത്മിയ പരിപാടികളും ഉണ്ടായിരുന്നു. ആദ്യമായാണ് ഇപ്രകാരം ഒരു മീററിംഗ് വിവിധ സഭകൾ ചേർന്ന് നടത്തുന്നത്.

കച്ച് സൗരാഷ്ട്രയിൽ അഞ്ചു ബ്രദറൺ സഭകളാണുള്ളത്. ഗാന്ധിധാം, സാമഖ്യാലി, രാജ്കോട്ട്,ജാംനഗർ,സുരേന്ദ്രനഗർ എന്നീ സ്ഥലങ്ങളിലാണ് നമ്മുടെ സഭകൾ ഉള്ളത്. ഇവിടെ യഥാക്രമം, സൈമൺ പയ്യന്നൂർ, വി.പി.മാത്യു,ഡേവിഡ്.പി.ഐസക്, പി.ററി. ജോൺ,എം.ജി. മത്തായി എന്നിവരാണ് പ്രവർത്തിക്കുന്നത്. ക്രിസ്തീയ പ്രവർത്തനങ്ങൾക്കു വളരെ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളാണ് ഈ പ്രദേശങ്ങൾ. വിശേഷാൽ ദൈവ ജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

(സൈമൺ പയ്യന്നൂർ)

# മൺമറഞ്ഞവരുടെ മൊഴികൾ

ഈയിടെ ഒരു പ്രസിദ്ധീകരണത്തിൽ കണ്ടു ബൈബിൾ സാഹിത്യ സമിതി എന്ന പേരിൽ ബ്രദറൺകാർ എന്നഭിമാനിക്കുന്നവരുടെ ഒരു സമ്മേളനത്തിൽ സുപ്രസിദ്ധ സുവിശേഷകനും ഗ്രന്ഥകർത്താവും ഒരു മാസികയുടെ ചീഫ് എഡിററുമായ ഒരാൾക്ക് ഫലകവും കാഷ് അവാർഡും കൊടുത്തു ആദരിക്കുന്നുവെന്ന്. അദ്ദേഹത്തോടുള്ള ബഹുമാനക്കുറവുകൊണ്ടു പറയുകയല്ല, ക്രൈസ്തവ പ്രവർത്തനത്തിന്റെ പ്രതിഫലം ഇവിടെ കൊടുത്തു പരിമിതപ്പെടുത്തുകയാണോ. ഇത്തരം കൂട്ടങ്ങളിലൊക്കെ പ്രവർത്തിക്കുന്നവരെ ലോകം ആദരിക്കുന്നത് ബഹുമതി,ഫലകം, കാഷ്അവാർഡ് ഇവയൊക്കെ നല്കിയാണ്. ബ്രദറുകാർക്ക് ഇതൊന്നുമില്ലെങ്കിൽ ലോകം നമ്മെ ബഹുമാനിക്കുമോ എന്നാണെങ്കിൽ ഞാൻ എന്തു പറയാൻ.പൊന്നാടവരെ ബൈബിൾ സാഹിത്യ സമിതിക്കാർ കൊടുക്കുകയില്ലേ.

ഇനി സംഗീതക്കാരുടെ കാര്യം ഓർക്കാം. ഞാൻ മുമ്പ് എന്റെ പുസ്തകത്തിൽ എന്റെ ചിന്ത അവതരിപ്പിച്ചിരുന്നു. ഇന്നു ലോകം ആസ്വദിക്കുന്നതുപോലെയുള്ള സംഗീത സായാഹ്നങ്ങളും സംഗീത വിരുന്നുകളുമല്ലേ കാഴ്ച വെക്കുന്നത്. സംഗീത ശാസ്ത്രത്തിലെ പരമോന്നതികളെ ആസ്വദിച്ചാസ്വദിപ്പിക്കുന്ന പ്രസിദ്ധനായ ശ്രീമാൻ യേശുദാസിനു പദവിയും അവാർഡുകളും കിട്ടാമെങ്കിൽ എന്തുകൊണ്ട് ബ്രദറുകാരിലും പാടുന്നവർക്ക് ഒരു അവാർഡ് കൊടുത്തു കൂടായോ. ആർക്കും അവാർഡു കൊടുക്കാമെന്നു വന്നാൽ അതിന്റെ വിലയും അതുകൊടുക്കുന്നവരെക്കുറിച്ചുള്ള സിദ്ധികളുടെ മതിപ്പും അനുസരിച്ചേ ലോകം അംഗീകരിക്കയുള്ളു. ഇവരൊക്കെ ഇനി സൈമൺ സാറിനും മററും മരണാന്തര ബഹുമതി കൊടുത്തു കളയുമോ. അങ്ങു ചെല്ലുമ്പോൾ ഒന്നും കിട്ടാത്ത പണി പററിക്കുമോ. ആർക്കറിയാം.

പണ്ടാരോ ആസ്വാദർ പറഞ്ഞതായി കേട്ടിട്ടുണ്ട്.

സംഗീതമപിസാഹിത്യം സരസ്വത്യാസ്തനദ്വയം

ഏകം ആപാദമധുരം അന്യമാലോചനാമൃതം... എന്ന്. ഇന്നു ബ്രദറുകാർ പിടികൂടിയിരിക്കുന്ന രണ്ടു ബ്രാഞ്ചും ഇന്നത്തെ ലോകത്തിനു ചേരുന്നതു തന്നെ. അതിലങ്ങു രസിച്ചു ദൈവത്തെയും ദൈവിക കാര്യങ്ങളെയും മറക്കരുതേ.

**Thomas.A.Itty**

## ശ്രീ:നരേന്ദ്രമോദിയുടെ മാതൃക ബ്രദറൺ സാഹിത്യകാരൻമാർ അനുകരിച്ചിരുന്നുവെങ്കിൽ !!?

ഇന്ത്യൻ പ്രധാന മന്ത്രി ശ്രീ.നരേന്ദ്രമോദിയുടെ ജീവ ചരിത്രം പാഠ്യ പുസ്തകമാക്കുവാനുള്ള മദ്ധ്യപ്രദേശ് സർക്കാരിന്റെ തീരുമാനം ശ്രീ. നരേന്ദ്ര മോദി തന്നെ ഇടപെട്ട് പിൻവലിപ്പിച്ചു. ജീവിച്ചിരിക്കുന്നവരുടെ ചരിത്രം പ്രസിദ്ധീകരിക്കണ്ടായെന്നുള്ള അദ്ദേഹത്തിന്റെ തീരുമാനം ശ്ളാഘനീയമാണ്.

ബ്രദറിലെ ചില സാഹിത്യകാരൻമാർ ജീവിച്ചിരിക്കുന്ന ചില ദൈവദാസൻമാരുടെ ജീവചരിത്രം പുസ്തകത്തിലാക്കി ഭീമമായ വിലയ്ക്ക് വില്പന നടത്തുകയാണ്. ജീവിച്ചിരിക്കുന്ന കാലത്ത് ശുശ്രൂഷ കൊടുക്കാതെയും മററും അകററി നിർത്തിയവർ ഇപ്പോൾ ചരിത്രം വിററ് കാശാക്കുകയാണ്. ലജ്ജാവഹം.

**(സൈമൺ പയ്യന്നൂർ)**



# You shall teach them diligently to your children

ZAINY JAMES -DAMAN-GUJARAT

*One fine evening when I was meditating from the word of God, i read the passage again and again and b the His by the grace of God got a few thought from it, which I would like to share.*

*Deuteronomy 6:7 You shall teach them diligently to your children, and shall talk of them when you sit in your house, when you walk by the way, when you lie down, and when you rise up*

*Deuteronomy 6:8 You shall bind them as a sign on your hands,and they shall be as frontlets between your eyes.*

*Deuteronomy 6:9 You shall write them on the doorpost of your house and on your gates*

*How much the Lord wanted that His people should love Him and serve only Him that He tells them to bind all that He has commanded them into their hands and as frontlets between the eyes (basically meaning to make it foremost things in ones life – the commandments of God ). Not only that things that remains in front of us has a lasting impacts on our minds. Well we too in modern times do have framed bible verses on our walls, we have calendars, Clocks, Photo frames with biblical verses.*

*Few days back when we went to buy a new school bag for Hannah, she demanded a bag with Barbie's photo in it and as other young parents we bought a school bag of her choice. To our surprise her demands didn't end there ,then she needed her pencil box, Tiffin box, water bottle all be of Barbie collections, well while those demands are still on hold, that is when I was able to relate this verse to the situation . This thought came into my mind which I need to share , What about our children when they go to school/ College and come back?? When they go to play , How do we make them think about the bible verses ?? as written in Deut 6:7*

*1. If we could introduce biblical verses, proverbs etc in all the school / college stationaries that we get , it would be so beneficial for example these days kids are crazy for the name label that is sticked on their Note books and Text book covers, they need their favourite cartoon characters photo in it like Barbie,Ben10,chota bheem, doraemon etc. What if we could introduce name labels with biblical heroes in it like David, Joseph ,Ruth ,Rebecca which children learn in their Sunday schools, it will be exciting and also helpful : for whenever they take out book/ text in schools/ tuitions they will by default think about that character and what they learned about that character in their Sunday school, ultimately acknowledge the goodness and greatness of God in their lives. Not only that when their friends ask about the biblical characters in the school name labels, they can share what they have learnt in Sunday School and at home. Thus in this way making other kids know of the glory of our great God. Sort of Evangelisation through our children. We might not be able to connect to* ➲16

# ഗുജറാത്ത്
# ഗ്രാമ സുവിശേഷീകരണം

ദൈവത്തിന്റെ അളവററ കൃപയാൽ ഗുജറാത്തിലെ ചില സുവിശേഷകൻമാർ തുടർച്ചയായി നടത്തിവരുന്ന ഗ്രാമ പ്രവർത്തനങ്ങളുടെ ഒരാഴ്ചത്തെ പ്രവർത്തനം ജൂൺ മാസം 15 മുതൽ 22 വരെ തപി, ഡാംഗ് ജില്ലകളിലെയും മഹാരാഷ്ട്രയിലെ നവാപൂരിലെ ഗ്രാമങ്ങളിലും നടത്തുവാൻ കർത്താവ് സഹായിച്ചു.സുവിശേഷകൻമാരായ ഡേവിഡ്.പി.ഐസക്-രാജ്കോട്ട്, വി.പി. മാത്യൂ-സാമഖ്യാലി,സൻജയ് പർമാർ-ആനന്ദ്,സേവ്യർ ആന്റണി-ബറൂച്ച്, ഗുമ്മൻ ഗമ്മിത്ത്- ഗാൽക്കഡി, റൂബ്ജി മവ്ലി-ഡാംഗ്, സൈമൺ പയ്യന്നൂർ തുടങ്ങിയ ഗുജറാത്തിലെ സുവിശേഷകൻമാരും, മഹാരാഷ്ട്രയിലെ സുവിശേഷകൻമാരായ ബ്രദർ. വിജയ് സൈമൺ-നവാപൂരും കൂട്ടു സഹോദരൻമാരും, ബ്രദർ. ജയൻ വർഗ്ഗീസ്-കാൺപാറ യും കൂട്ടു സഹോദരൻമാരും വിവിധ ദിവസങ്ങളിലെ പ്രവർത്തനങ്ങളിൽ സഹകരിച്ചു

വിവിധ നാമധേയ സഭകളിൽ ബൈബിൾ ക്ളാസ്സുകൾക്കും വചന ശുശ്രൂഷകൾക്കുമായി വാതിലുകൾ തുറന്നു കിട്ടി. മാത്രമല്ല തുടർന്നും ഈ സഭകൾ ശുശ്രൂഷയ്ക്കായി ക്ഷണിച്ചിട്ടുണ്ട്. 1500ലധികം വിശ്വാസികളുള്ള ഒരു സഭയിലും ഞങ്ങൾക്ക് വചന ശുശ്രൂഷയ്ക്കായി അവസരം ലഭിച്ചു. കൂടാതെ നിരവധി ഗ്രാമങ്ങളിൽ പരസ്യ യോഗങ്ങളും മററും നടത്തുവാനും കർത്താവു സഹായിച്ചു. ഈ പ്രവർത്തനത്തിന്റെ ഫലമായി ഡാംഗ് ജില്ലയിൽ ഒരു പുതിയ സഭാ രൂപീകരണം ഉണ്ടായ കാര്യം സ്തോത്രത്തിനായി അറിയിക്കുന്നു. ഒരു ഗ്രാമ മുഖ്യനും കുടുംബവും ഈ പ്രവർത്തനം മുഖാന്തരം വിശ്വാസത്തിലേക്കു വന്നിരിക്കുന്നു. ഇവരെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.


ടീം അംഗങ്ങൾ


ബ്രദർ.വിജയ് സൈമനും സഹപ്രവർത്തകരും ടീമിനൊപ്പം

ഈ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തികം കണ്ടെത്തുവാൻ വളരെ ബുദ്ധിമുട്ടിയെങ്കിലും ദൈവം തക്ക സമയത്തു വാതിലുകൾ തുറന്നു. സുവിശേഷ വേലയെ സ്നേഹിക്കുന്നുവെന്നു പറയുന്ന പലരും കണ്ണടച്ചു. ഇവരുടെയൊക്കെ സുവിശേഷ സ്നേഹം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

എന്നാൽ ഗാന്ധിധാം, സാമഖ്യാലി, രാജ്കോട്ട്,ആനന്ദ്,ബറൂച്ച് എന്നീ സ്ഥലങ്ങളിലെ സഭകൾ അവസരത്തിനൊത്ത് ഉയരുകയും ഈ സഭകളുടെ സാമ്പത്തിക സഹകരണത്താൽ മാത്രം ഈ ദിവസങ്ങളിലെ ആവശ്യങ്ങൾ നിറവേറപ്പെടുകയും ചെയ്തു.

➲16



സുവിശേഷകൻമാർ എന്നു പറയുന്ന ചിലർ ഈ ശുശ്രൂഷയെ നശിപ്പിക്കുവാൻ അണിയറ ശ്രമങ്ങൾ നടത്തുന്നുവെങ്കിലും ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. ഈ ശുശ്രൂഷകൾക്കെതിരായി പ്രവർത്തിക്കുന്ന ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.


പരസ്യ യോഗം


ഡാംഗ് സുവിശേഷകനും കുടുംബവും

പ്രിയ ദൈവജനമെ, ഗുജറാത്തിലെ ചില സുവിശേഷകൻമാർ ചേർന്നു നടത്തുന്ന ഗ്രാമ സുവിശേഷീകരണത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പല സ്ഥലങ്ങളിലും വാതിലുകൾ അടഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കഴിയുന്നിടത്തോളം സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കണമെന്നതാണ് ഞങ്ങളുടെ ആഗ്രഹം. പരിമിതികളും വെല്ലുവിളികളും നിരവധിയാണ്. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം സഹായിക്കുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഓരോ മാസവും ഓരോ സ്ഥലങ്ങളിലാണ് പ്രവർത്തനം നടക്കുന്നത്. ഈ പ്രവർത്തനത്തിനു പ്രത്യേക ഫണ്ടോ വരുമാനമോ എവിടെനിന്നുമില്ല. ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഈ ശുശ്രുഷയ്ക്കായി വളരെ അത്യാവശ്യമാണ്.

(സൈമൺ പയ്യന്നൂർ)

*children of other faith due to restrictions from attending our SundaySchools, Children's Club but no parent will stop their children from going to School and it this opportunity that we can make use of in spreading the good news.*

*2. The same may be included in Notebook covers, sippers, pencil box, bags etc if we can print proverbs or bible verses for eg "Children obey your parents in the Lord for this is right Eph 6:1", "Let no one despise your youth but be an example 1 tim 4:12", "Flee also youthful lust 2tim 2:22". Also proverbs which has moral value will attract parents of not only our assembly but all those who fear God and wants their children to walk in the fear of the Lord for eg He who has a generous eye will be blessed, For he gives of his bread to the poor (to be generous and to share). Thus in this way we can also built up moral character of our children*

*3. When kids go to play or in their sports class they can have water bottles or sipper with verses "Is anything too hard for the Lord" Gen 18:14, " for the battle is the LORD's and He will give you into our hands" 1 Sam 17:47.etc Such verses will make kids ponder on the greatness of our God, how He won battles for His people, Such a powerful God is Our God and is with us. They will find strength and courage in the Lord in whatever activities they are involved in.*

*"For thou art great and does wondrous things, You alone are God" Psalms 86:10*

RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014

## ഗാനക്വിസ്. 168

ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ജൂലൈ 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**OR**

**09825169406** എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**payyanursimon@gmail.com** എന്ന ഇ-മെയിൽ വിലാസ ത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഗാനം:** സ്വർഗ്ഗമഹിമയഖിലവും ആകയാൽ വെടിഞ്ഞവൻ
സ്വർഗ്ഗേയെന്നേ ചേർത്തിടുവാൻ മന്നിൽ വന്നവൻ...

ഗാനക്വിസ് 166-ന്റെ ഉത്തരവും വിജയികളുടെ പേരുകളും:
പോകുന്നു ഞാനിന്ന് യേശുവിന്നായ്..പോകുന്നു ക്രൂശിന്റെ...
രചയിതാവ്- ചാൾസ് ജോൺ

1.Omana Varghese-Jabalpur
2.Jesle Rachel Johnson-Malam
3.Thankamma Varghese-Edayaranmula
4.Mariamma Thomas-Kunnamthanam
5.Joanna Baby-Kurianoor
6.Mary Punnoos-Kallissery
7.Lilly Poulose-Secunderabad
8.Annamma Johnson-Othera
9.Jefry Shaji-Chethackal
10.Ponnanmma Raju-Sharjah
11.Jolly Samuel-Cochin

## കണ്ടതും... കേട്ടതും

➚ഇന്ത്യയിലെ ചില ഉപദേശിമാർ, അവർ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും സി.ഡി കളും മററും വിദേശത്തുകൊണ്ടുപോയി പ്രകാശനം നടത്തുന്നുപോലും.

അവിടുത്തെ "ഒന്ന്" ഇവിടെ വരുമ്പോൾ 15 ഉം അതിൽ കൂടുതലും ആകുമെന്നതാണ് ഇതിന്റെ തന്ത്രം. മാത്രമല്ല അങ്കവും കാണാം താളിയും ഒടിക്കാം.

➚നമ്മുടെ ഒരു ഉപദേശിയുടെ ഒരു വസ്തു രണ്ടരക്കോടിക്കു വിററുപോലും.

പാവം ഉപദേശി. അച്ചാറു വിററ കാലം ഓർത്തിരുന്നുവെങ്കിൽ.

➚ ഇരുപതു ലക്ഷം ബാങ്കിൽ കിടക്കുമ്പോൾ ഒരു ഉപദേശിയുടെ സർജറിക്കായി ഇന്റർനെററ് അപ്പീൽ.

അമ്പത്തിരണ്ടായിരം വായനക്കാരുള്ള മാഗസിനുള്ള മക്കളുണ്ടെങ്കിൽ ഇതാണു ഗുണം. സർജറിയും കഴിയും ഡിപ്പോസിററു വർദ്ധിക്കുകയും ചെയ്യും.

**(സൈമൺ പയ്യന്നൂർ)**

## ഗ്രാമ മുഖ്യനും കുടുംബവും വിശ്വാസത്തിൽ

ഗുജറാത്തിലെ സുവിശേഷകൻമാരുടെ ഗ്രാമ സുവിശേഷീകരണത്തിന്റെ ഫലമായി ഡാംഗ് ജില്ലയിലെ ഒരു ഗ്രാമത്തിലെ ഗ്രാമ മുഖ്യനും ഭാര്യയും രണ്ടു മക്കളും രക്ഷിക്കപ്പെടുകയും സ്നാനപ്പെടുകയും ചെയ്തു. കഴിഞ്ഞ വർഷം ഞങ്ങൾ നടത്തിയ പരസ്യയോഗത്തിൽ സുവിശേ ഷം കേട്ട അക്രൈസ്തവനായ ഗ്രാമ മുഖ്യൻ അവിടെയുള്ള സുവിശേഷകനാ യ റൂബ്ജിയുമായി ബന്ധപ്പെടുകയും വിശ്വാസ സ്നാനം സ്വീകരിക്കയും ചെ യ്തു. അദ്ദേഹത്തിന്റെ ശ്രമഫലമായി രണ്ടു കുടുംബം കൂടെ മുന്നോട്ടു വന്നിട്ടു ണ്ട്. ഈ ഗ്രാമത്തിൽ ക്രിസ്തു വിശ്വാസ ത്തിലുള്ളവർ ഈ മൂന്നു കുടുംബം മാത്രമാണ്. ഇവിടെ പ്രവർത്തിക്കുന്ന സഹോദരൻ റൂബ്ജിയെ കുടുംബമായി ദൈവ ജനം പ്രാർത്ഥനയിൽ ഓർത്താലും.



**ഗ്രാമമുഖ്യനും കുടുംബവും**

ഗുജറാത്തിലെ സുവിശേഷകൻമാരുടെ ശുശ്രൂഷകളെ ദൈവം മാനിക്കുന്നുവെന്നതിന്റെ പ്രത്യക്ഷ തെളിവാണിത്. ദൈവജനം പ്രാർ ത്ഥനയിൽ ഓർക്കുക.

(സൈമൺ പയ്യന്നൂർ)

## ചോദിക്കൂ ... പറയാം

കഴിഞ്ഞ മാസം ഒരു യുവ സുവിശേഷകൻ(കോട്ടയം) എറണാകുളത്തെ ഒരു സഭയിൽ വന്ന് , സഹോദരിമാരുടെ യോഗത്തിൽ പോലും സഹോദരിമാർ വചനം ശുശ്രുഷിക്കരുതെന്നും,പ്രാർത്ഥിക്കരുതെന്നും, അതിനായി ഒരു സഹോദരനെ ഏർപ്പാടാക്കണമെന്നും പറയുകയുണ്ടായി. വേനലിൽ നിർത്തിവച്ച സഹോദരിമാരുടെ യോഗം ഈ ഉപദേശം മൂലം തുടങ്ങാൻ സാധിച്ചിട്ടില്ല. സഭയ്ക്കും മൂപ്പൻമാർക്കും ഒരു തീരുമാനം എടുക്കാൻ കഴിയുന്നില്ല. ഹാപ്പിവോയ്സിന്റെ അഭിപ്രായം പ്രതീക്ഷിക്കുന്നു.

(ഒരു സഹോദരൻ-എറണാകുളം)

സഹോദരിമാരുടെ യോഗത്തിൽ ശുശ്രൂഷിക്കാൻ കഴിവുള്ളവർക്ക് ശുശ്രുഷിക്കാം. പ്രാർത്ഥിക്കാം,പാടാം.അതിനായി ഒരു സഹോദരനെ എർപ്പാട് ചെയ്യേണ്ട കാര്യമില്ല. എന്നാൽ പൊതു സഭയിൽ(സ്ത്രീയും പരുഷനും ഉള്ള) സ്തോത്രം ചെയ്യുന്നതും പ്രബോധിപ്പിക്കുന്നതും, പ്രസംഗിക്കുന്നതും വചന വിരുദ്ധമാണ്. കാരണം സ്ത്രീയുടെ തല പുരുഷനാണല്ലോ. എന്നാൽ ഏവരും ചേർന്നു പാട്ടു പാടാം, ആമേൻ പറയാം. അത് വചന വിരുദ്ധമല്ല. രക്ഷിക്കപ്പെട്ടവർ ഏവരും കർത്താവിന്റെ ശരീരമാണ്.

ആയതിനാൽ മുടങ്ങിയ സഹോദരിമാരുടെ യോഗം പുനരാരംഭിക്കുക. സഭയുടെ ശുശ്രുഷകൾക്കു ദോഷം വരുത്തുന്നവരെ ശുശ്രൂഷയ്ക്കു വിളിക്കാതിരിക്കാൻ ശ്രദ്ധിക്കുക. മൂപ്പൻമാർ വചനത്തിനനുസൃതമായ തീരുമാനമെടുക്കുക. നിങ്ങളുടെ സഭയെ ദൈവം അനുഗ്രഹിക്കട്ടെ.

**(ചീഫ് എഡിററർ)**

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125